# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1262** **05.03.2020-ൽ മറുപടിയ്ക്ക്**

**ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): | |
| എ) | ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിവാങ്ങുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | ഉണ്ട്. ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെൻറ് വരെ സ്ഥലം വാങ്ങുന്നതിന് ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016- 17) ലെ പദ്ധതി പ്രകാരം 800 കുടുംബങ്ങളെ ധനസഹായത്തിന് പരിഗണിക്കുകയും ഇതിൽ ഇതുവരെ 706 കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കി സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17- ൽ നടപ്പാക്കിയ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി 129 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും ഇതിൽ 117 ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>2017-18 മുതൽ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. 2016- 17 മുതൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി 1798 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് ലക്ഷ്യമിടുകയും 1285 പേർ സ്ഥലം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 841 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ, തിരുവനന്തപുരം ജില്ലയിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകി പുനരധിവസിപ്പിച്ചു. ഓഖി ദുരന്തത്തിൽ കാണാതായ/മരിച്ചവരുടെ ഭൂമിയും വീടും ഇല്ലാത്ത 32 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് പുനരധിവാസം |

ഉറപ്പാക്കി. ആലപ്പുഴ ജില്ലയിലെ പുറക്കാട് കടൽ ക്ഷോഭത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 20 കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ വീതവും അനുവദിച്ചു.

കടൽതീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18,685 കുടുബങ്ങളെ 3 വർഷം കൊണ്ട് പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയ്ക്ക് 2019-20 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 2450 കോടി രൂപ ചെലവ് വരുന്ന പദ്ധതിയിൽ ഒരാൾക്ക് 10 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്.

ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു കുടുംബത്തിന് എത്ര രൂപ നിരക്കിലാണ് സഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബി) ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഭൂമി വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ വീതമാണ് ധനസഹായമായി നൽകുന്നത്.

ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പുനരധിവാസ പദ്ധതികളിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു.

**സെക്ഷൻ ആഫീസർ**